1. രാഷ്ട്രീയ പാർട്ടികൾ സാമൂഹ്യ മാധ്യമങ്ങൾ ഉൾപ്പെടെയുള്ള ഇന്റർനെറ്റ് വെബ്സൈറ്റുകളിൽ പരസ്യം നൽകരുതെന്ന് കേന്ദ്ര തെരഞ്ഞെടുപ്പു കമ്മീഷൻ.
2. സംസ്ഥാനത്ത് തദ്ദേശ തിരഞ്ഞെടുപ്പിനുള്ള വോട്ടർപട്ടികയിൽ പേര് ചേർക്കാനുള്ള സമയം ഇന്ന് അവസാനിക്കും.
3. കശുവണ്ടി വ്യവസായ മേഖലയിൽ ഗുണകരമായ മാറ്റങ്ങൾ ലക്ഷ്യമിട്ടുള്ള കാഷ്യു കോൺക്ലേവിന് കൊല്ലത്ത് തുടക്കം.
4. സ്വർണ വിലയിൽ വൻ വർധന ; പവന് ഇന്ന് 2,400 രൂപ കൂടി.
5. വെസ്റ്റ് ഇൻഡീസിനെതിരായ രണ്ടാം ക്രിക്കറ്റ് ടെസ്റ്റിൽ ഇന്ത്യയ്ക്ക് ഉജ്വല വിജയം, പരമ്പര ഇന്ത്യ സ്വന്തമാക്കി.
6. സംസ്ഥാനത്ത് അഞ്ച് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത; കള്ളക്കടൽ പ്രതിഭാസത്തിന്റെ ഭാഗമായി മറ്റെന്നാൾ രാത്രി വരെ തിരുവനന്തപുരം, കൊല്ലം തീരങ്ങളിൽ കടലാക്രമണത്തിന് സാധ്യത.

&&&&&&&&&&&&&&&&

## ബീഹാർ തിരഞ്ഞെടുപ്പ്

ബിഹാർ നിയമസഭാ തെരഞ്ഞെടുപ്പിന്റേയും വിവിധ സംസ്ഥാനങ്ങളിലെ ഉപ തെരഞ്ഞെടുപ്പുകളുടേയും പശ്ചാത്തലത്തിൽ സാമൂഹ്യ മാധ്യമങ്ങൾ ഉൾപ്പെടെയുള്ള

RNU TVPM

ഇന്റർനെറ്റ് അധിഷ്ഠിത വെബ്സൈറ്റുകളിൽ രാഷ്ട്രീയ പരസ്യങ്ങൾ നൽകരുതെന്ന് തെരഞ്ഞെടുപ്പു കമ്മീഷൻ. രാഷ്ട്രീയ പാർട്ടികൾക്കും സ്ഥാനാർത്ഥികൾക്കുമാണ് കമ്മീഷൻറെ നിർദേശം. മാധ്യമ പരിശോധനാ നിരീക്ഷണ സമിതിയുടെ മുൻകൂർ അംഗീകാരമില്ലാതെ പരസ്യങ്ങൾ നൽകരുതെന്നും കമ്മീഷൻ നിർദ്ദേശിച്ചിട്ടുണ്ട്. തങ്ങളുടെ അംഗീകൃത സാമൂഹ്യ മാധ്യമ അക്കൗണ്ടുകളുടെ വിവരങ്ങൾ പങ്കു വെക്കണമെന്നും കമ്മീഷൻ സ്ഥാനാർത്ഥികളോട് ആവശ്യപ്പെട്ടു. രാഷ്ട്രീയ പാർട്ടികൾ സാമൂഹ്യ മാധ്യമങ്ങൾ ഉൾപ്പെടെ ഇന്റർനെറ്റിലൂടെ നടത്തുന്ന പ്രചാരണത്തിന്റെ ചെലവുകൾ സംബന്ധിച്ച സ്റ്റേറ്റ്മെന്റ് തെരഞ്ഞെടുപ്പു പൂർത്തിയാക്കി 75 ദിവസങ്ങൾക്കുള്ളിൽ സമർപ്പിക്കുകയും വേണം.

&&&&&&&&&&&&&&&&

## തിരഞ്ഞെടുപ്പ് കമ്മീഷൻ- വി.വി.പാറ്റ്

PNU TVPM

ബീഹാർ നിയമസഭാ തെരഞ്ഞെടുപ്പിന്റെ ഒന്നാം ഘട്ടത്തിനായുള്ള ഇലക്ട്രോണിക് വോട്ടിംഗ് മെഷീനുകളുടെയും വിവിപാറ്റുകളുടെയും ആദ്യ ഘട്ട പരിശോധന പൂർത്തിയായി. ദേശീയ, സംസ്ഥാന അംഗീകൃത രാഷ്ട്രീയ പാർട്ടികളുടെ പ്രതിനിധികളുടെ സാന്നിധ്യത്തിലാണ് നടപടിക്രമങ്ങൾ പൂർത്തിയാക്കിയതെന്ന് തിരഞ്ഞെടുപ്പ് കമ്മീഷൻ പ്രസ്താവനയിൽ പറഞ്ഞു. ഇ.വി.എമ്മുകളുടെയും വി.വി.പാറ്റുകളുടെയും മണ്ഡലം തിരിച്ചുള്ള പട്ടിക എല്ലാ ദേശീയ, സംസ്ഥാന രാഷ്ട്രീയ പാർട്ടികളുടെയും പ്രതിനിധികൾക്കും ലഭ്യമാക്കിയതായും കമ്മീഷൻ വ്യക്തമാക്കി.

&&&&&&&&&&&&&&&&

## അന്തിമ വോട്ടർപട്ടിക

സംസ്ഥാനത്ത് തദ്ദേശ തിരഞ്ഞെടുപ്പിനുള്ള വോട്ടർപട്ടികയിൽ പേര് ചേർക്കാനുള്ള സമയം ഇന്ന് അവസാനിക്കും. കരട്

വോട്ടർപട്ടികയിൽ ഉൾപ്പെട്ട വോട്ടർമാർക്കും പുതുതായി പേര് ചേർക്കുന്നവർക്കും സവിശേഷ തിരിച്ചറിയൽ നമ്പർ നൽകും. അന്തിമ വോട്ടർപട്ടിക ഈ മാസം 25 ന് പ്രസിദ്ധീകരിക്കും. പ്രവാസി വോട്ടർമാർക്ക് വോട്ടർപട്ടികയിൽ പേര് ചേർക്കാനും അവസരമുണ്ട്. sec.kerala.gov.in എന്ന വെബ്സൈറ്റ് വഴിയാണ് അപേക്ഷിക്കേണ്ടത്.

അതിനിടെ സംസ്ഥാനത്തെ ഗ്രാമ പഞ്ചായത്തുകളിലെ സംവരണ വാർഡുകൾ നിശ്ചയിക്കാനുള്ള നറുക്കെടുപ്പ് വിവിധ ജില്ലകളിൽ തുടരുകയാണ്. ഗ്രാമ പഞ്ചായത്തുകൾക്കായുള്ള നറുക്കെടുപ്പ് വ്യാഴാഴ്ച അവസാനിക്കും.

&&&&&&&&&&&&&&&&

## തദ്ദേശ തിരഞ്ഞെടുപ്പ് - ഹിയറിങ്

തദ്ദേശ തിരഞ്ഞെടുപ്പിൽ രാഷ്ട്രീയപാർട്ടികൾക്ക് ചിഹ്നം അനുവദിച്ചതുമായി ബന്ധപ്പെട്ട പരാതികളിൻമേലുള്ള ഹിയറിംഗ് നാളെ നടക്കും. ഇത് സംബന്ധിച്ച് പുറപ്പെടുവിച്ച കരട് വിജ്ഞാപനത്തിലെ പരാതികളാണ് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നേരിട്ട് കേൾക്കുന്നത്. രാവിലെ 11 ന് തിരുവനന്തപുരത്തെ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ 'ജനഹിതം' ഓഫീസിലാണ് ഹിയറിങ്.

&&&&&&&&&&&&&&&&

## പത്തനംതിട്ട-സ്റ്റേഡിയം നിർമാണം (ഇൻട്രോ)

പത്തനംതിട്ട ജില്ലാ സ്റ്റേഡിയ നിർമ്മാണം വേഗത്തിൽ പുരോഗമിക്കുന്നു. 2026 ആരംഭത്തിൽ നിർമാണം പൂർത്തിയാക്കാനുള്ള പ്രവൃത്തികളാണ് ത്വരിതവേഗത്തിൽ നടക്കുന്നത്.

വിശദാംശങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി **ശ്രീജി എസ്.ശ്രീധർ.....**

(വോയിസ്)

&&&&&&&&&&&&&&&&

## ആരോഗ്യ മേഖലാ വിഷൻ 2031

2031- ൽ എല്ലാവർക്കും ആരോഗ്യ പരിരക്ഷയുള്ള സംസ്ഥാനമായി കേരളം മാറുമെന്ന് മന്ത്രി വീണാ ജോർജ്. വിഷൻ 2031 ആരോഗ്യ സെമിനാറിൻ്റെ ഉദ്ഘാടനം തിരുവല്ല ബിലിവേഴ്സ് കൺവെൻഷൻ സെൻ്ററിൽ നിർവഹിക്കുകയായിരുന്നു മന്ത്രി. കേരളത്തെ ഹെൽത്ത് ഹബ്ബായി മാറ്റുകയാണ് ലക്ഷ്യമെന്നും മന്ത്രി പറഞ്ഞു. ആരോഗ്യ രംഗത്തെ വിവിധ വിഷയങ്ങളിൽ സെമിനാറിൻറെ ഭാഗമായി 10 പാനൽ ചർച്ചകളാണ് സംഘടിപ്പിച്ചിട്ടുള്ളത്.

&&&&&&&&&&&&&&&&

## ബോധവത്കരണ പരിപാടി

സെൻട്രൽ ബ്യൂറോ ഓഫ് കമ്യൂണിക്കേഷൻ വയനാട് ഫീൽഡ് ഓഫിസ് സംഘടിപ്പിക്കുന്ന ബോധവൽക്കരണ പരിപാടികളുടെ ഭാഗമായി സുൽത്താൻ ബത്തേരിയിൽ വിദൂര മേഖലകളിലുള്ളവർക്കായുള്ള വിവിധ കേന്ദ്ര പദ്ധതികളെ കുറിച്ചു ക്ലാസും ചർച്ചയും സംഘടിപ്പിച്ചു. ഫീൽഡ് പബ്ലിസിറ്റി ഓഫിസർ പ്രജിത്ത്കുമാർ നേതൃത്വം നൽകി.

&&&&&&&&&&&&&&&&

## ഓഹരി - സ്വർണം

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം. ബോംബെ ഓഹരി സൂചിക സെൻസെക്സ് 141 പോയിന്റ് താഴ്ന്ന് 82,181 ലും ദേശീയ

RNU TVPM

ഓഹരി സൂചിക നിഫ്റ്റി 32 പോയിന്റ് ഇടിഞ്ഞ് 25,194 ലും വ്യാപാരം തുടരുന്നു. സ്വർണ വിലയിൽ വൻ വർധന. പവന് ഇന്ന് രാവിലെ 2,400 രൂപ കൂടി 94,360 രൂപയായി. ഗ്രാമിന് 11,795 രൂപയാണ് ഇന്നത്തെ വില.

&&&&&&&&&&&&&&&&

## കാഷ്യൂ കോൺക്ലേവ്

കശുവണ്ടി വ്യവസായ മേഖലയിൽ ഗുണകരമായ മാറ്റങ്ങൾ ലക്ഷ്യമിട്ടുള്ള കാഷ്യൂ കോൺക്ലേവിന് കൊല്ലത്ത് മന്ത്രി പി. രാജീവ് ഉദ്ഘാടനം ചെയ്തു. കശുവണ്ടി മേഖല നേരിടുന്ന ആഗോള, രാജ്യാന്തര പ്രശ്നങ്ങൾ കോൺക്ലേവിൽ ചർച്ച ചെയ്യും. കശുവണ്ടി വികസന കോർപറേഷന്റെയും കാപ്പെക്സിന്റെയും ഉൽപ്പന്നങ്ങളുടെ വിപണനവുമായി ബന്ധപ്പെട്ട് ഒപ്പുവച്ച ധാരണാപത്രം കൈമാറും.

&&&&&&&&&&&&&&&&

## ബി.ജെ.പി - ശബരിമല

ശബരിമല സ്വർണപ്പാളി വിഷയത്തിൽ ഇടപെടൽ ആവശ്യപ്പെട്ട് ബി.ജെ.പി സംസ്ഥാന പ്രസിഡന്റ് രാജീവ് ചന്ദ്രശേഖറും നേതാക്കളും ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കറുമായി കൂടിക്കാഴ്ച നടത്തി. ദേവസ്വം ബോർഡിനെ പിരിച്ച് വിട്ട് അന്വേഷണം നടത്തണമെന്നും, മുപ്പത് വർഷത്തെ ദേവസ്വം ബോർഡ് വിജിലൻസ് ഓഡിറ്റ് റിപ്പോർട്ട് പുറത്തു വിടണമെന്നും സംഘം ആവശ്യപ്പെട്ടു.

&&&&&&&&&&&&&&&&

RNUTVPM

## വിശ്വാസ സംരക്ഷണ ജാഥ

കോൺഗ്രസിന്റെ വിശ്വാസ സംരക്ഷണ മേഖല യാത്രകൾക്ക് ഇന്ന് തുടക്കമാകും. കോൺഗ്രസ് പ്രവർത്തക സമിതി അംഗം കൊടിക്കുന്നിൽ സുരേഷ് എം.പി നയിക്കുന്ന ജാഥ തൃത്താലയിൽ കെ.പി.സി.സി പ്രസിഡന്റ് സണ്ണി ജോസഫ് ഉദ്ഘാടനം ചെയ്യും. കാസർകോഡ് മുൻ കെപിസിസി പ്രസിഡന്റ് കെ.മുരളീധരനും മൂവാറ്റുപുഴയിൽ ബെന്നി ബഹനാനും തിരുവനന്തപുരത്ത് യു.ഡി.എഫ് കൺവീനർ അടൂർ പ്രകാശ് എം.പിയുമാണ് ജാഥ നയിക്കുന്നത്.

&&&&&&&&&&&&&&&&

## മുഖ്യമന്ത്രി - ഗൾഫ് സന്ദർശനം

ഗൾഫ് രാജ്യങ്ങളിലെ സന്ദർശനത്തിന് മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് വൈകിട്ട് തിരുവനന്തപുരത്ത് നിന്ന് യാത്ര തിരിക്കും. ബഹ്റിൻ, ഒമാൻ, ഖത്തർ, കുവൈത്ത്, UAE എന്നീ രാജ്യങ്ങളാണ് മുഖ്യമന്ത്രി സന്ദർശിക്കുന്നത്.

RNU TVPM

&&&&&&&&&&&&&&&&

## നെന്മാറ സജിത വധക്കേസ്

നെന്മാറ സജിത വധക്കേസ് പ്രതി ചെന്താമര കുറ്റക്കാരനെന്ന് പാലക്കാട് അഡിഷണൽ ജില്ലാ കോടതി വിധിച്ചു. ശിക്ഷ മറ്റന്നാൾ വിധിക്കും. 2019 ഓഗസ്റ്റ് 31 ന് ആയിരുന്നു അയൽവാസിയായ സജിതയെ ചെന്താമര കൊലപ്പെടുത്തിയത്. ഈ കേസിൽ ജാമ്യത്തിലിറങ്ങിയ ചെന്താമര 2025 ജനുവരി 27 ന് സജിതയുടെ ഭർത്താവ് സുധാകരൻ, അമ്മ ലക്ഷ്മി എന്നിവരെ കൊലപ്പെടുത്തിയ കേസിലും അറസ്റ്റിലായിരുന്നു.

&&&&&&&&&&&&&&&&

## ടെസ്റ്റ് ക്രിക്കറ്റ്

വെസ്റ്റിൻഡിസിനെതിരായ രണ്ടാം ക്രിക്കറ്റ് ടെസ്റ്റിൽ ഇന്ത്യയ്ക്ക് ഏഴ് വിക്കറ്റ് ജയം. വിൻഡീസ് ഉയർത്തിയ 121 റൺസ് വിജയലക്ഷ്യം ഇന്ത്യ മൂന്ന് വിക്കറ്റ് നഷ്ടത്തിൽ മറികടന്നു. ഈ ജയത്തോടെ രണ്ട് മത്സരങ്ങളടങ്ങിയ പരമ്പര ഇന്ത്യ 2-0 ന് സ്വന്തമാക്കി. അഹമ്മദാബാദിൽ നടന്ന ആദ്യ ടെസ്റ്റ് മത്സരത്തിലും ഇന്ത്യക്കായിരുന്നു ജയം.

&&&&&&&&&&&&&&&&

## സ്മാർട്ട് കൃഷി ഭവൻ പ്രവർത്തനം (ഇൻട്രോ)

കേന്ദ്ര സർക്കാർ സ്ഥാപനമായ നബാർഡ് നടപ്പാക്കുന്ന

R I D F പദ്ധതി പ്രകാരമുള്ള 1.39 കോടി രൂപ ഉപയോഗിച്ച് നിർമ്മിച്ച ഇടുക്കിയിലെ ആദ്യത്തെ സ്മാർട്ട് കൃഷി ഭവൻ പ്രവർത്തനം തുടങ്ങി. കർഷകർക്കായി നിരവധി അടിസ്ഥാന - ആധുനിക സൗകര്യങ്ങളാണ് സ്മാർട്ട് കൃഷിഭവനിൽ സജ്ജീകരിച്ചിരിക്കുന്നത്.

**വിശദാംശങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ.....**

(വോയിസ്)

&&&&&&&&&&&&&&&&

## ഭിന്നശേഷി നിയമന വിഷയം

ഭിന്നശേഷി നിയമന വിഷയത്തിൽ എൻ.എസ്എസിനു ലഭിച്ച വിധി മറ്റു സ്വകാര്യ സ്കൂൾ മാനേജ്മെന്റുകൾക്കു കൂടി ബാധകമാക്കാനുള്ള സർക്കാർ നീക്കത്തിൽ നിന്നു പിന്മാറണമെന്ന് കേരളാ ഫെഡറേഷൻ ഓഫ് ദി ബ്ലൈൻഡ്

RNU TVPM

സംസ്ഥാന പ്രസിഡൻറ് സി.ഹബീബ് ആവശ്യപ്പെട്ടു. ഭിന്നശേഷിക്കാർക്കുള്ള ഒഴിവുകൾ നികത്തിയ ശേഷമേ പൊതു തസ്തികകളിൽ അംഗീകാരം നൽകാവു എന്ന സുപ്രീംകോടതി വിധിയുടെ അന്തസത്തയ്ക്ക് എതിരാണ് ഈ നീക്കമെന്നും കേരളാ ഫെഡറേഷൻ ഓഫ് ദി ബ്ലൈൻഡ് കുറ്റപ്പെടുത്തി.

&&&&&&&&&&&&&&&&

## വെഞ്ഞാറമൂട് മേൽപാലം

വെഞ്ഞാറമൂട് മേൽപാല നിർമ്മാണവുമായി ബന്ധപ്പെട്ട് പുതുക്കിയ ട്രാഫിക് നിയന്ത്രണങ്ങൾ നാളെ മുതൽ കർശനമായി നടപ്പിലാക്കും. കെ.എസ് ആർ ടി.സിയുടേയും മറ്റ് യാത്രാ - ചരക്കു വാഹനങ്ങളുടേയും ബുദ്ധിമുട്ടുകൾ പരമാവധി കുറയ്ക്കുന്നതിന്റെ ഭാഗമായാണിത്. ഹെവി വാഹനങ്ങൾക്ക് വെഞ്ഞാറമൂട് ഭാഗത്തേക്ക് പ്രവേശനമുണ്ടായിരിക്കില്ല. അതേസമയം ആറ്റിങ്ങൽ - നെടുമങ്ങാട് റോഡിൽ നിലവിൽ വാഹന നിയന്ത്രണം ഏർപ്പെടുത്തിയിട്ടില്ല.

RNU TVPM

&&&&&&&&&&&&&&&&

## മഴ - കള്ളക്കടൽ പ്രതിഭാസം

സംസ്ഥാനത്ത് ചിലയിടങ്ങളിൽ ശക്തമായ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഇന്ന് 5 ജില്ലകളിൽ മഞ്ഞ ജാഗ്രതയാണ്. പത്തനംതിട്ട, കോട്ടയം, ഇടുക്കി മലപ്പുറം കോഴിക്കോട് ജില്ലകളിലാണ് മുന്നറിയിപ്പ്. കള്ളക്കടൽ പ്രതിഭാസത്തിന്റെ ഭാഗമായി ഇന്ന് വൈകുന്നേരം 5.30 മുതൽ മറ്റെന്നാൾ രാത്രി 11.30 വരെ തിരുവനന്തപുരം, കൊല്ലം തീരങ്ങളിൽ ഉയർന്ന തിരമാലകൾ കാരണം കടലാക്രമണത്തിന് സാധ്യതയുണ്ടെന്ന് ദേശീയ സമുദ്രസ്ഥിതിപഠന ഗവേഷണ കേന്ദ്രം അറിയിച്ചു. മത്സ്യത്തൊഴിലാളികളും തീരദേശവാസികളും ജാഗ്രത

പാലിക്കണം. കേരള - ലക്ഷദ്വീപ് തീരങ്ങളിൽ വ്യാഴാഴ്ച മുതൽ മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തിയിട്ടുണ്ട്.

&&&&&&&&&&&&&&&&

## ഹരിത പടക്കങ്ങൾ

പരിസ്ഥിതി മലിനീകരണം നിയന്ത്രിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് ആഘോഷ വേളകളിൽ ഹരിത പടക്കങ്ങൾ മാത്രമേ വിൽക്കുവാനും ഉപയോഗിക്കുവാനും പാടുള്ളൂ എന്ന് സംസ്ഥാന സർക്കാർ. ദീപാവലിക്ക് ഹരിത പടക്കങ്ങൾ ഉപയോഗിക്കാനുള്ള സമയം രാത്രി 8 മണിക്കും 10 മണിക്കും ഇടയിലുള്ള 2 മണിക്കൂറായി നിജപ്പെടുത്തി. കൂടാതെ, ആശുപത്രികൾ, കോടതികൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആരാധനാലയങ്ങൾ തുടങ്ങിയ നിശബ്ദ മേഖലകളുടെ 100 മീറ്ററിനുള്ളിൽ ശബ്ദമുണ്ടാക്കുന്ന പടക്കങ്ങൾ പൊട്ടിക്കുവാൻ പാടില്ലെന്നും ഉത്തരവിൽ കർശനമായി നിർദ്ദേശിക്കുന്നു.

&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&&&&&&&&&&

RNU TVPM